പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാനൊരു കത്ത് അങ്ങേയ്ക്ക് തന്നതിന്റെ വെളിച്ചത്തിൽ അങ്ങ് രണ്ടോ മൂന്നോ തവണയാണ് ഇതാവർത്തിക്കുന്നത്. ബഹുമാനപ്പെട്ട സഭാനേതാവ് കൂടിയായ മുഖ്യമന്ത്രി ഇതിനെപ്പറ്റി എന്തെങ്കിലുമൊന്ന് റിയാക്ട് ചെയ്താൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ചോദ്യം ചോദിക്കുക എന്നത് സഭയുടെ അവകാശമാണ്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. അതംഗങ്ങളുടെ അവകാശമാണ്. കൂടാതെ ഏറ്റവും പ്രധാനപ്പെട്ടതും ചോദ്യമാണ്. ഗവൺമെന്റിൽനിന്ന് വിവരങ്ങൾ കിട്ടാനുള്ള മാർഗ്ഗമാണ്. ഇത്രയും ഗുരുതരമായ പരാമർശം അങ്ങ് നടത്തിയപ്പോൾ സഭാ നേതാവിന്റെ ഭാഗത്തുനിന്ന് ഒരു റിയാക്ഷൻ അക്കാര്യത്തിലുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ചെയർ പറഞ്ഞത് കഴിഞ്ഞ കുറേ കാലങ്ങളായുള്ള പ്രവണതയാണ്. അതാവർത്തിച്ചാവർത്തിച്ച് റൂളിംഗ് നൽകിയിട്ടും പരിഹാരം കാണുന്നില്ല. എന്റെ മുൻഗാമികളും ഇതുസംബന്ധിച്ച നിരവധി റൂളിംഗുകൾ നൽകിയിട്ടുണ്ട്. അപ്പോൾ സെക്രട്ടേറിയറ്റിൽ, സർക്കാർ ഓഫീസുകൾ ഉത്തരങ്ങൾ തയ്യാറാക്കി പാർലമെന്റ് സെക്ഷനിലേയ്ക്ക് കൊടുത്ത് അവിടെനിന്ന് അപ്രൂവ്

ചെയ്തുവരുന്ന ഒരു പ്രോസസുണ്ട്. എവിടെയാണ് ഇതിന്റെ lag എന്ന് മനസ്സിലാക്കി ഇടപെടണമെന്നാണ് ചെയർ ഉദ്ദേശിച്ചത്. റൂളിംഗ് കഴിഞ്ഞതിനുമുകളിൽ വേറെ ചർച്ചയില്ല.

(അടിയന്തരപ്രമേയം)